ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: തലപ്പള്ളി താലൂക്കിലെ കവുങ്ങ് കൃഷിയാകെ നാശമായിരിക്കുകയാണ്. ഒരു വില്ലേജിലെ ഏലാ ഓഫീസിന്റെ പരിധിയിൽ വരുന്ന സ്ഥിതിയാണ് മന്ത്രി പറഞ്ഞത്. മറ്റുള്ളതുംകൂടി അന്വേഷിച്ച് അവർക്ക് കൂടി ആനുകൂല്യങ്ങൾ നൽകണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എൻ. സുന്ദരൻ നാടാർ: കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും, ഡവലപ്പ്മെന്റ് ഓഫീസിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. നെൽകൃഷി നശിച്ചതിന് ഒരു ലക്ഷത്തി പതിനാലായിരത്തോളം രൂപയും കമുകു കൃഷി നശിച്ചതിന് അൻപതിനായിരം രൂപയും കർഷകർക്ക് ഉടനെ കൊടുക്കുന്നതാണ്.

III. സബ്മിഷൻ

(1) ആലുവായിൽ എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. കെ. മുഹമ്മദാലി: സർ, കേരളത്തിലെ വ്യവസായ കേന്ദ്രമായ ആലുവ വ്യവസായ മേഖലയിൽ ഒരു എൻജിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് വളരെയേറെ വർഷങ്ങളായി. ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങുവാനുള്ള സൗകര്യം വന്നപ്പോൾ സ്ഥല നിർണ്ണയത്തിനുവേണ്ടി നിയോഗിച്ച എക്സ്പെർട്ട് കമ്മറ്റിയുടെയും ഭൂരിപക്ഷം മുഖ്യമായ പരിഗണന നൽകിയത് കേരളത്തിലെ വ്യവസായ മേഖലയായ ആലുവ വ്യവസായ മേഖലയിൽ ആരംഭിക്കുകയെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള അനുവാദം കേന്ദ്രത്തിൽ നിന്ന് ലഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. സ്റ്റാഫ് നിയമനങ്ങളും അതുപോലെ തന്നെ അതിന്റെ മറ്റെല്ലാ കോഴ്സുകളുടെ കാര്യങ്ങളും തീരുമാനിച്ച് ഈ വർഷം തന്നെ കോളേജ് തുടങ്ങുവാനുള്ള അനുവാദം കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയുണ്ടായി. നിർഭാഗ്യവശാൽ അനുവാദം ലഭിച്ചിട്ടും കോളേജ് തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചില്ല. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ടുകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയായ ആലുവ വ്യവസായ മേഖലയിൽ ഈ കോളേജ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു ജില്ലയായ എറണാകുളം ജില്ലയിൽ ഒരു സ്ഥാപനമുണ്ടാകുന്ന കാര്യത്തിൽ വേണ്ട താത്പര്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല പ്പോഴും ഇതുപോലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളുണ്ടാക്കുന്ന അവസരത്തിൽ സ്വാഭാവികമായി വികസന സാദ്ധ്യതയുള്ള എറണാകുളം ജില്ലയെ അവഗണിക്കുന്നുവെന്ന പരാതിയുണ്ടാകുന്ന സാഹചര്യത്തിലാണ് ഈ കോളേജിന്റെ പ്രശ്നം ഉയർന്ന് വന്നിരിക്കുന്നത്. കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതിൽ എല്ലാ വിധത്തിലുമുള്ള സൗകര്യങ്ങളും സാഹചര്യങ്ങളുമുള്ള എറണാകുളം ജില്ലയിൽ അതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിട്ടും വേണ്ട നടപടികൾ സ്വീകരിക്കാതിരിക്കുന്നത്, കാലതാമസം വരുത്തുന്നത് നിർഭാഗ്യകരമാണ്. ആ സാഹചര്യം ഒഴിവാക്കികൊണ്ട് ഈ വർഷം തന്നെ കേന്ദ്രഗവൺമെന്റിന്റെ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിരിക്കുന്ന ഈ എൻജിനീയറിംഗ്, കോളേജിന്റെ പ്രവർത്തനം ആരംഭിക്കാനും ഈ കോളേജ് ഈ വർഷം തന്നെ പ്രവർത്തനമാരംഭിക്കാനുമുള്ള നടപടി ഉടനെ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം ജേക്കബ്:) ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങണമെന്നാണ് തീരുമാനിച്ചിരുന്നത്. ഏഴാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനപരമായ സമീപനം തന്നെ സന്തുലിതമായ പ്രാദേശിക വികസനം എന്നാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ആദ്യം പരിഗണന നൽകേണ്ടത് മലബാർ പ്രദേശത്തേക്കാണ് എന്ന അഭിപ്രായമാണ് ഗവൺമെന്റിൽ നിന്ന് പൊതുവായിട്ട് വന്നത്. അതുകൊണ്ടാണ് ആദ്യത്തെ കോളേജ് കണ്ണൂരിൽ ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തതും അതനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചതും, ഈ വർഷം ഇവിടെ കുട്ടികളെ അഡ്മിറ്റ് ചെയ്യുകയും ചെയ്യുന്നത്. കോട്ടയം ഇടുക്കി ജില്ലയിലായിട്ട് ഒരു കോളേജും ആലുവ പ്രദേശത്ത് വേറൊരു കോളേജും ആരംഭിക്കണമെന്നുള്ള തീരുമാനം ഗവൺമെന്റ് ഉപേക്ഷിച്ചിട്ടില്ല. ഏഴാം പദ്ധതിയിൽ ഇനി അവശേഷിക്കുന്ന വർഷങ്ങളിൽ ഒരു കോളേജുകൂടി ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ഇവിടെ ബഹുമാനപ്പെട്ട മുഹമ്മദാലി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയ കാര്യം പറഞ്ഞു. ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയതാണെങ്കിൽ ആദ്യം കിട്ടിയത് കോട്ടയം, ഇടുക്കി ജില്ലയിലെ കോളേജിനാണ്. ഇവിടെയാണ് ആദ്യമായിട്ടു അനുവാദം കിട്ടിയത്. രണ്ടാമത് കിട്ടിയത് ആലുവയ്ക്കാണ്. കണ്ണൂരിലേക്കുള്ളതിന്റെ അനുവാദം കിട്ടാൻ പോകുന്നതേയുള്ളു. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമെന്ന് പറയുന്നത് ഫോർമലായിട്ടുള്ള സാംഗ്ഷൻ മാത്രമേയുള്ളു. ഇതിന് ആവശ്യമായിട്ടുള്ള പണം കണ്ടെത്തേണ്ടത് സംസ്ഥാന ഗവൺമെന്റ് തന്നെയാണ്. അപ്പോൾ ഗവൺമെന്റിന്റെ സാമ്പത്തികമായ കാര്യം കൂടി കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. എന്താണെങ്കിലും ആലുവ പ്രദേശത്ത് കോളേജ് ആരംഭിക്കും. അത് 7-ാം പദ്ധതിക്കാലത്ത് തന്നെ ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

(2) ഒറപ്പാലം—മായന്നൂർ കോസ്വേ

ശ്രീ. വി.സി. കബീർ: സർ, പാലക്കാട് ജില്ലയിലെ ഒറപ്പാലവും തൃശ്ശൂർ ജില്ലയിലെ മായന്നൂരും തമ്മിൽ ബന്ധിപ്പിക്കുന്ന ഒറപ്പാലം—മായന്നൂർ കോസ്വേ വളരെ സുപ്രധാനമായ ഒരാവശ്യവും ആഗ്രഹവുമാണ്. മുമ്പ് ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദ്കോയാ സാഹിബ് ഇവിടെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒറപ്പാലത്ത് വരുകയും ഈ ആവശ്യം അദ്ദേഹം പരിഗണിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡ്രില്ലിംഗ് നടത്തുകയും ചീഫ് എഞ്ചിനീയർ ഓഫീസിൽ ഡിസൈൻ വരെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നാണെന്റെ അറിവ്. നൂറാണ്ടുകളുടെ ഒരാഗ്രഹമാണ് ഒറപ്പാലം—മായന്നൂർ കോസ്വേ. അങ്ങേക്കറിയാമല്ലോ തൃശ്ശൂർ ജില്ലയും പാലക്കാട് ജില്ലയും തമ്മിൽ ബന്ധി

LIBRARY ARCHIVES Kerala Legislative Assembly